പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2539 05/02/2018 ൽ മറുപടിക്ക്

**<u>ശബരിമല തീർത്ഥാടനം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ജി.എസ്.ജയലാൽ<br>,, വി.ആർ. സുനിൽ കുമാർ<br>ശ്രീമതി സി.കെ. ആശ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) | ശബരിമല ദർശനത്തിന് എത്തുന്ന ലക്ഷക്കണക്കിന് അയ്യപ്പഭക്തൻമാർക്ക് കുടിവെള്ളം, ഭക്ഷണം, യാത്രാസൗകര്യം, ചികിത്സ വിരിവയ്ക്കൽ തുടങ്ങി എല്ലാ സൗകര്യങ്ങളും ഗവൺമെന്റിന്റെയും ദേവസ്വം ബോർഡിന്റെയും മറ്റ് സ്ഥാപനങ്ങളുടെയും സഹായ സഹകരണത്തോടെ ഒരുക്കിയിരുന്നു. |
| (ബി) | പമ്പയിലെ ജലമലിനീകരണം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വ്യക്തമാക്കുമോ; | (ബി) | നിലയ്ക്കൽ മുതൽ പമ്പ വരെയും പമ്പ മുതൽ സന്നിധാനം വരെയുള്ള പരമ്പരാഗത പാതയിലും സ്വാമി അയ്യപ്പൻ റോഡിലും ശബരിമലയിലെ വിവിധ ഭാഗങ്ങളിലും പമ്പയിലെ ജലമലിനീകരണകരണം ഉൾപ്പെടെ മലിനീകരണം തടയുന്നതിന് ആവശ്യമായ ബോധവല്കരണത്തിനായി വിവിധ ഭാഷകളിൽ അറിയിപ്പുകൾ നല്കിയിട്ടുണ്ട്. തീർത്ഥാടനം ആരംഭിക്കുന്നതിന് മുമ്പ് തന്നെ പമ്പയിലും സന്നിധാനത്തും ശുചീകരണം നടത്തിയിട്ടുണ്ട്. |
| (സി) | സേഫ് സോൺ ശബരിമല പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ശബരിമല ദർശനത്തിന് എത്തുന്ന ലക്ഷക്കണക്കിന് അയ്യപ്പഭക്തൻമാർക്ക് വിവിധ റൂട്ടുകളിൽ യാത്ര സുരക്ഷിതമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഇതിന്റെ ഭാഗമായി പമ്പയിൽ നിന്നും 400 കി.മി ചുറ്റളവിൽ ആക്സിഡന്റുകൾ പരമാവധി ഇല്ലാതാക്കുന്ന തരത്തിലുള്ള യാത്രാ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് 24 മണിക്കൂറും പട്രോളിംഗ് നടത്തുന്നു. വിവിധ ഭാഷകളിൽ സൈൻബോർഡ് സ്ഥാപിക്കുക, കേടായ വാഹനങ്ങൾ നീക്കം ചെയ്യുന്നതിനുള്ള റിക്കവറി വാഹനങ്ങൾ വിന്യസിക്കുക തുടങ്ങിയ കാര്യങ്ങൾ സേഫ് സോൺ ശബരിമല പദ്ധതിയുടെ ഭാഗ മായി നടപ്പിലാക്കുന്നു. |

സെക്ഷൻ ഓഫീസർ